# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2100 — 01/02/2018-ൽ മറുപടിക്ക്

## സാന്ത്വന പരിചരണ പരിപാടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | കേരളത്തിൽ സാന്ത്വന പരിചരണ പരിപാടി എതെല്ലാം ജില്ലകളിൽ നടപ്പായി വരുന്നുവെന്നും എത്ര ആളുകൾ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുവെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് സാന്ത്വന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി ആരോഗ്യ വകുപ്പിന് കീഴിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ മുഖേനയാണ് സാന്ത്വന പരിചരണ പരിപാടി നടപ്പിലാക്കി വരുന്നത്. ഈ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് നേഴ്സിനെ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ് തിരഞ്ഞെടുക്കുന്നതും, വേതനം നൽകി വരുന്നതും. ഈ ജീവനക്കാരുടെ പ്രധാന ഉത്തരവാദിത്വം ഭവന സന്ദർശനം നടത്തി ശയ്യാവലംബരായ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുക എന്നതാണ്.<br>സംസ്ഥാനത്തെ എല്ലാ ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലും സാന്ത്വന പരിചരണത്തിന്റെ ദ്വിതീയതലം ദേശീയ ആരോഗ്യ മിഷന്റെ സഹകരണത്തോടുകൂടി നടപ്പിലാക്കി വരുന്നു. കിടത്തി ചികിത്സയും, സ്പെഷ്യാലിറ്റി പരിചരണവും, വേദന സംഹാര ക്ലിനിക്കുകളും ലക്ഷ്യം വെയ്ക്കുന്ന ഈ തലത്തിൽ സേവനം നൽകുന്നത് ദേശീയ ആരോഗ്യ മിഷൻ മുഖേന നിയമിക്കപ്പെട്ട 160 ജീവനക്കാരാണ്. |
| ബി) | ഈ പദ്ധതി ആര് മുഖേനയാണ് നടപ്പാക്കിവരുന്നതെന്നും പദ്ധതിയിൽ പങ്കെടുക്കുന്ന നഴ്സുമാർക്ക് എത്ര രൂപയാണ് വേതനം നൽകുന്നതെന്നും അറിയിക്കുമോ; | ബി) & സി) | ഗ്രാമ പ്രദേശങ്ങളിൽ ഭവന സന്ദർശം നടത്തി സാന്ത്വന പരിചരണം നൽകുന്ന പ്രൈമറി പാലിയേറ്റീവ് കെയർ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സഹായത്തോടെയാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സുമാർക്ക് പ്രതിമാസം 10,000/- രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നൽകി വരുന്നത്. ഇത് പ്രതിമാസം 15,000/- രൂപയായി ഈ സർക്കാർ ഉയർത്തിയിട്ടുണ്ട്.<br>ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ പ്രവർത്തിക്കുന്ന സെക്കണ്ടറി പാലിയേറ്റീവ് കെയർ പദ്ധതി ദേശീയ ആരോഗ്യ ദൗത്യം മുഖേനയാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാഫ് നേഴ്സുമാർക്ക് 13900/- രൂപയാണ് അടിസ്ഥാന ശമ്പളമായി നൽകുന്നത്. ഇവരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| സി) | ഇവരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ? | | |

സെക്ഷൻ ഓഫീസർ